**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5004** **20-07-2022 - ൽ മറുപടിയ്ക്ക്**

**സിൽവർ ലൈൻ ആവശ്യത്തിനായി തെരഞ്ഞെടുത്ത ഭൂമി കൈമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അബ്ദുൽ ഹമീദ് പി** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സിൽവർ ലൈൻ പദ്ധതിയുടെ സാമൂഹികാഘാത പഠനത്തിനായി തെരഞ്ഞെടുത്ത ഭൂമി കൈമാറ്റം ചെയ്യുന്നതിന് നിലവിൽ തടസ്സമുണ്ടോ; ഇത് സംബന്ധിച്ച് വകുപ്പ് തലത്തിൽ വ്യക്തത വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. സിൽവർ ലൈൻ പദ്ധതിയുടെ സാമൂഹികാഘാത പഠനത്തിനായി തെരഞ്ഞെടുത്ത ഭൂമി കൈമാറ്റം ചെയ്യുന്നതിനും വായ്പ എടുക്കുന്നതിനും നിലവിൽ തടസ്സമില്ല.<br><br>സെമി ഹൈസ്പീഡ് റെയിൽവേ ലൈൻ (സിൽവർലൈൻ) പദ്ധതിക്ക് സ്ഥലമേറ്റെടുക്കുന്നതിന് വേണ്ടി പുറപ്പെടുവിച്ച 18/08/2021-ലെ സ.ഉ.(കൈ) നം.163/2021/റവ, 30/10/2021-ലെ സ.ഉ.(സാധാ) നം.3642/2021/റവ എന്നീ ഉത്തരവുകളിൽ 2013-ലെ എൽ.എ.ആർ.ആർ ആക്ട് പ്രകാരം സാമൂഹ്യ പ്രത്യാഘാത പഠനം (4(1) വിജ്ഞാപനം) നടത്തുന്നതിനും പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിദഗ്ധ സമിതിയെ രൂപീകരിച്ച് ശുപാർശ സമർപ്പിക്കുന്നതിനും അനുമതി നൽകിയിട്ടുള്ളതാണ്. എന്നാൽ, എൽ.എ.ആർ.ആർ ആക്ട് 2013-ലെ സബ് സെക്ഷൻ 2 സെക്ഷൻ 8 പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് അംഗീകാരം നൽകിക്കൊണ്ടുള്ള അനുമതി ഉത്തരവ് റെയിൽവേ ബോർഡിന്റെ അന്തിമ അനുമതി ലഭ്യമായതിന് ശേഷം മാത്രമേ പുറപ്പെടുവിക്കു എന്ന വ്യവസ്ഥ ഉൾപ്പെടുത്തിയാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.<br><br>എൽ.എ.ആർ.ആർ ആക്ട് 2013-ലെ സെക്ഷൻ 11 സബ്സെക്ഷൻ 4 പ്രകാരം പ്രാഥമിക വിജ്ഞാപനം (11(1) വിജ്ഞാപനം) പ്രസിദ്ധീകരിച്ച തീയതി മുതൽ ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്നതുവരെ വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയിന്മേൽ ഏതൊരാളും ഇടപാട് നടത്തുകയോ ക്രയവിക്രയം ചെയ്യുകയോ ബാദ്ധ്യത സൃഷ്ടിക്കുവാനോ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സെമി ഹൈസ്പീഡ് റെയിൽവേ ലൈൻ (സിൽവർലൈൻ) പദ്ധതിക്ക് സ്ഥലമേറ്റെടുക്കുന്നതിന് വേണ്ടി പുറപ്പെടുവിച്ച ഉത്തരവിൽ 2013-ലെ സബ് സെക്ഷൻ 2 സെക്ഷൻ 8 പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് അംഗീകാരം നൽകിക്കൊണ്ടുള്ള അനുമതി ഉത്തരവ് റെയിൽവേ ബോർഡിന്റെ അന്തിമ അനുമതി ലഭ്യമായതിന് ശേഷം മാത്രമേ പുറപ്പെടുവിക്കൂ എന്ന വ്യവസ്ഥ ഉൾപ്പെടുത്തിയാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. 2013-ലെ സബ് സെക്ഷൻ 2 സെക്ഷൻ 8 പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിച്ചതിനു ശേഷം മാത്രമേ പ്രാഥമിക വിജ്ഞാപനം (11(1) വിജ്ഞാപനം) പുറപ്പെടുവിക്കാൻ സാധിക്കുകയുള്ളൂ. ആയത്കൊണ്ട് തന്നെ സിൽവർ ലൈൻ പദ്ധതിയുടെ സാമൂഹികാഘാത പഠനത്തിനായി തെരഞ്ഞെടുത്ത ഭൂമി കൈമാറ്റം ചെയ്യുന്നതിനും വായ്പ എടുക്കുന്നതിനും നിലവിൽ നിയമ തടസ്സമില്ലെന്ന് വ്യക്തത വരുത്തി 21.04.2022 ലെ REV-B1/414/2021-REV കത്ത് പ്രകാരം ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നല്കിയിട്ടുള്ളതാണ്. |
| (ബി) | സിൽവർ ലൈൻ പദ്ധതിയുടെ സാമൂഹികാഘാത പഠനത്തിനായി തെരഞ്ഞെടുത്ത ഭൂമിയുടെ കൈമാറ്റവും വായ്പ എടുക്കലും സംസ്ഥാന വ്യപകമായി തടസപ്പെടുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | ഉണ്ട്. സിൽവർ ലൈൻ പദ്ധതിയുടെ സാമൂഹികാഘാത പഠനത്തിനായി തെരഞ്ഞെടുത്ത ഭൂമി കൈമാറ്റം ചെയ്യുന്നതിനും വായ്പ എടുക്കുന്നതിനും നിലവിൽ തടസ്സമില്ല.<br><br>സെമി ഹൈസ്പീഡ് റെയിൽവേ ലൈൻ (സിൽവർലൈൻ) പദ്ധതിക്ക് സ്ഥലമേറ്റെടുക്കുന്നതിന് വേണ്ടി പുറപ്പെടുവിച്ച 18/08/2021-ലെ സ.ഉ.(കൈ) നം.163/2021/റവ, 30/10/2021-ലെ സ.ഉ.(സാധാ) നം.3642/2021/റവ എന്നീ ഉത്തരവുകളിൽ 2013-ലെ എൽ.എ.ആർ.ആർ ആക്ട് പ്രകാരം സാമൂഹ്യ പ്രത്യാഘാത പഠനം (4(1) വിജ്ഞാപനം) നടത്തുന്നതിനും പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിദഗ്ധ സമിതിയെ രൂപീകരിച്ച് ശുപാർശ സമർപ്പിക്കുന്നതിനും അനുമതി നൽകിയിട്ടുള്ളതാണ്. എന്നാൽ, എൽ.എ.ആർ.ആർ ആക്ട് 2013-ലെ സബ് സെക്ഷൻ 2 സെക്ഷൻ 8 പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് അംഗീകാരം നൽകിക്കൊണ്ടുള്ള അനുമതി ഉത്തരവ് റെയിൽവേ ബോർഡിന്റെ അന്തിമ അനുമതി ലഭ്യമായതിന് ശേഷം മാത്രമേ പുറപ്പെടുവിക്കൂ എന്ന വ്യവസ്ഥ ഉൾപ്പെടുത്തിയാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | എൽ.എ.ആർ.ആർ ആക്ട് 2013-ലെ സെക്ഷൻ 11 സബ്സെക്ഷൻ 4 പ്രകാരം പ്രാഥമിക വിജ്ഞാപനം (11(1) വിജ്ഞാപനം) പ്രസിദ്ധീകരിച്ച തീയതി മുതൽ ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്നതുവരെ വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയിന്മേൽ ഏതൊരാളും ഇടപാട് നടത്തുകയോ ക്രയവിക്രയം ചെയ്യുകയോ ബാദ്ധ്യത സൃഷ്ടിക്കുവാനോ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.<br><br>സെമി ഹൈസ്പീഡ് റെയിൽവേ ലൈൻ (സിൽവർലൈൻ) പദ്ധതിക്ക് സ്ഥലമേറ്റെടുക്കുന്നതിന് വേണ്ടി പുറപ്പെടുവിച്ച ഉത്തരവിൽ 2013-ലെ സബ് സെക്ഷൻ 2 സെക്ഷൻ 8 പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് അംഗീകാരം നൽകിക്കൊണ്ടുള്ള അനുമതി ഉത്തരവ് റെയിൽവേ ബോർഡിന്റെ അന്തിമ അനുമതി ലഭ്യമായതിന് ശേഷം മാത്രമേ പുറപ്പെടുവിക്കൂ എന്ന വ്യവസ്ഥ ഉൾപ്പെടുത്തിയാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. 2013-ലെ സബ് സെക്ഷൻ 2 സെക്ഷൻ 8 പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിച്ചതിനു ശേഷം മാത്രമേ പ്രാഥമിക വിജ്ഞാപനം (11(1) വിജ്ഞാപനം) പുറപ്പെടുവിക്കാൻ സാധിക്കുകയുള്ളൂ. ആയത്കൊണ്ട് തന്നെ സിൽവർ ലൈൻ പദ്ധതിയുടെ സാമൂഹികാഘാത പഠനത്തിനായി തെരഞ്ഞെടുത്ത ഭൂമി കൈമാറ്റം ചെയ്യുന്നതിനും വായ്പ എടുക്കുന്നതിനും നിലവിൽ നിയമ തടസ്സമില്ലെന്ന് വ്യക്തത വരുത്തി 21.04.2022 ലെ REV-B1/414/2021-REV കത്ത് പ്രകാരം ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നല്കിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ